

# തെരഞ്ഞെടുപ്പ് ചൂടിലേക്ക്

അവലോകനം • ഇനാമുറഹ്മാൻ

**കാഹളം** മുഴങ്ങിക്കഴിഞ്ഞു. പടപ്പുറപ്പാടിന്റെ പൊടിപടലങ്ങൾ ഉയർന്നു തുടങ്ങി. തെരഞ്ഞെടുപ്പു മാമാങ്കത്തിന് ഇനി ഏതാനും നാളുകൾ. മുഖ്യ കക്ഷികളായ കോൺഗ്രസും ബി.ജെ.പിയും പ്രചാരണത്തിന് ഔദ്യോഗിക തുടക്കംകുറിച്ച് പരസ്പരം കൊമ്പുകോർത്തതോടെ ഇന്ദ്രപ്രസ്ഥത്തിന്റെ രാജപാതയിലേക്കുള്ള പടയൊരുക്കം വിളംബരം ചെയ്യപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ നാടകങ്ങളുടെയും കൂടുമാറലിന്റെയും അവകാശവാദങ്ങളുടെയും പുതിയ വാഗ്ദാനങ്ങളുടെയും പ്രഖ്യാപനങ്ങളുടെയും വാർത്തകളുടെ പ്രളയത്തിന് കാതോർത്തിരിക്കുക. സാമ്പത്തിക മാന്ദ്യത്തിന്റെയും ഭീകരതയുടെയും കരിനിഴലിലാണ് വീണ്ടുമൊരു തെരഞ്ഞെടുപ്പിലേക്ക് രാജ്യം നടന്നടുക്കുന്നത്.

### കോൺഗ്രസും സഖ്യകക്ഷികളും

അഞ്ചു വർഷത്തെ പ്രവർത്തന മികവിന്റെ ബലത്തിൽ ജനങ്ങളിലേക്കിറങ്ങാനാണ് ദൽഹിയിൽ നടന്ന പ്രാദേശിക ഭാരവാഹികളുടെ യോഗത്തിൽ കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധി ആഹ്വാനം ചെയ്തത്. 12,000 വരുന്ന പ്രവർത്തകരെ ആത്മവിശ്വാസത്തോടെയാണ് സോണിയ അഭിസംബോധന ചെയ്തത്.

'തെരഞ്ഞെടുപ്പ് നേരിടാൻ ഞങ്ങൾ തയാറാണ്, ഗൃഹപാഠം ചെയ്തിട്ടുണ്ട്, ആത്മവിശ്വാസവുമുണ്ട്'-ദൽഹിയിലെ രാംലീല മൈതാനിയിൽ പ്രതിധ്വനിച്ച സോണിയയുടെ വാക്കുകളിൽ അധികാരത്തിൽ മടങ്ങിയെത്തുമെന്ന പ്രതീക്ഷയാണുള്ളത്.

കോൺഗ്രസ് അതിന് നിരത്തുന്ന ഭരണ നേട്ടങ്ങളുടെ പട്ടിക ഇവയാണ്: എൻ.ഡി.എ സർക്കാർ രാജ്യത്തിന്റെ മതേതര സങ്കൽപത്തിനും സമ്പദ് വ്യവസ്ഥക്കും ഏൽപിച്ച ഗുരുതര പരിക്കുകൾ ഭേദമാക്കാൻ യു.പി.എക്ക് കഴിഞ്ഞു. സാമുദായിക സൗഹാർദവും മതേതര മൂല്യങ്ങളും വീണ്ടെടുക്കാനായി. വികസന പ്രവർത്തനങ്ങൾക്കായി എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രം ഫണ്ട് അനുവദിച്ചു. പദ്ധതികളുടെയെല്ലാം പിന്നിൽ യു.പി.എ സർക്കാറായിരുന്നുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തും. ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ വലിയൊരളവിൽ പാലിച്ചു.

തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, ഭവന മേഖല, ജല വിതരണം എന്നീ മേഖലകളിൽ ജനപ്രിയ പദ്ധതികൾ നടപ്പാക്കി. വിവരാവകാശ നിയമം ഭരണത്തിന്റെ എല്ലാ മേഖലകളെയും സുതാര്യമാക്കി. സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി ലക്ഷക്കണക്കിന് വിദ്യാർഥികൾക്ക് പോഷകവും ആരോഗ്യവുമാണ് പ്രദാനം ചെയ്യുന്നത്. ഗ്രാമീണ

**തീവ്രഹിന്ദുത്വ മുദ്രാവാക്യങ്ങളുയർത്തിയാവും ഈ തെരഞ്ഞെടുപ്പിലും പ്രചാരണം നടത്തുകയെന്ന വ്യക്തമായ പ്രഖ്യാപനത്തോടെയാണ് ബി.ജെ.പിയുടെ ത്രിദിന ദേശീയയോഗം ആർ.എസ്.എസ് ആസ്ഥാനമായ നാഗ്പൂരിൽ സമാപിച്ചത്. രാമനെ ബി.ജെ.പി കൈവിടില്ലെന്നും ബാബരി തകർച്ചയുടെ പേരിൽ മാപ്പുപറയില്ലെന്നും പ്രധാനമന്ത്രി സ്ഥാനാർഥി എൽ.കെ അദ്വാനി യോഗത്തിൽ വ്യക്തമാക്കി. അധികാരത്തിലെത്തിയാൽ അയോധ്യയിൽ രാമക്ഷേത്രം നിർമിച്ച് 'ജയ്ശ്രീറാം' വിളിക്കാതെ ബി.ജെ.പി വിശ്രമിക്കില്ല എന്ന് ആവർത്തിച്ച അദ്വാനി ഭരണത്തിലെത്തിയാൽ നൂറു ദിവസത്തിനകം പാർലമെന്റ് ആക്രമണകേസിലെ പ്രതി അഫ്സൽ ഗുരുവിന്റെ വധശിക്ഷ നടപ്പാക്കുമെന്നും പ്രഖ്യാപിച്ചു.**

ആരോഗ്യ പദ്ധതി കുഗ്രാമങ്ങളിൽ പോലും ലഭ്യമാക്കി. 90 ശതമാനത്തിൽ കൂടുതൽ വരുന്ന അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്ന നിയമംകൊണ്ടുവന്നു.

അഞ്ചു വർഷത്തെ കോൺഗ്രസ് ഭരണം ജനങ്ങൾക്കു പുതിയ പ്രതീക്ഷ നൽകിയിരിക്കുന്നുവെന്ന് യു.പി.എ നേതൃത്വം വിശ്വസിക്കുന്നു. അതോടൊപ്പം തന്നെ ബലഹീനതകളും കോൺഗ്രസ് പാളയത്തെ അലോസരപ്പെടുത്തുന്നുണ്ട്. നേതാക്കളുടെ ബാഹുല്യമാണ് പ്രധാന പ്രശ്നം. സീറ്റുമോഹികളായ ഇവരെ തട്ടിത്തടഞ്ഞ് നടക്കാൻ കഴിയാത്തതിനാൽ പ്രാദേശിക പാർട്ടികളുമായുള്ള സഖ്യം കോൺഗ്രസിന് അക്ഷരാർഥത്തിൽ തലവേദനയാകും. സ്ഥാനാർഥി നിർണയത്തിന് ക്വാട്ട സമ്പ്രദായം അനുവദിക്കില്ലെന്ന് സോണിയ വ്യക്തമാക്കിയെങ്കിലും അതത്ര എളുപ്പമാവില്ലെന്ന് അവർക്കു തന്നെ അറിയാം. എ.ഐ.സി.സി ഓഫീസിൽ അടിച്ചു വാരാൻ നിൽക്കുന്നവനൊക്കെ സീറ്റു കൊടുത്താൽ തോൽക്കുമെന്ന് പ്രാദേശിക നേതാക്കളുടെ യോഗത്തിൽ ഇടുക്കിയിൽ നിന്നുള്ള പ്രതിനിധി തുറന്നടിച്ചത് സീറ്റു മോഹികളുടെ കരണത്തേറ്റ അടിയാണെങ്കിലും അതിനപ്പുറത്തേക്ക് അതിനെന്തെങ്കിലും ഫലമുണ്ടാകുമോയെന്ന് കണ്ടറിയണം.

ഒറ്റക്ക് ഭരിക്കാനാവശ്യമായ ഭൂരിപക്ഷം സ്വപ്നംകാണാൻ പോലുമാകില്ലെന്ന് എല്ലാവരെയും പോലെ കോൺഗ്രസ് നേതൃത്വത്തിനുമറിയാം. ദേശീയാടിസ്ഥാനത്തിൽ സഖ്യമില്ലെങ്കിലും നിലവിലുള്ള സഖ്യകക്ഷികൾ അവരുടെ സ്വന്തം തട്ടകങ്ങളിൽ കനത്ത വെല്ലുവിളി നേരിടുന്നതാണ് പാർട്ടിയുടെ ഉറക്കം കെടുത്തുന്നത്. ബീഹാറിൽ സാമാന്യം തരക്കേടില്ലാത്ത ഭരണം കാഴ്ചവെക്കുന്ന ജനതാദൾ (യു) മുഖ്യമന്ത്രി നിതീഷ്കുമാർ കോൺഗ്രസിന്റെ ഉറച്ച സഖ്യകക്ഷിയായ ആർ.ജെ.ഡിക്ക് ശക്തമായ ഭീഷണിയാണ് ഉയർത്തുന്നത്. ആർ.ജെ.ഡിക്ക് നിലവിലുള്ള 24സീറ്റ് അടുത്ത തവണ കിട്ടാനുള്ള സാധ്യത നന്നെ വിരളമാണ്. യു.പിയിൽ എസ്.പിയുമായുള്ള സഖ്യസാധ്യതക്ക് തുടക്കത്തിൽ തന്നെ മങ്ങലേറ്റിട്ടുണ്ട്. ബാബരിമസ്ജിദ് തല്ലിത്തകർക്കാൻ കൊടിപിടിച്ച കല്യാൺ സിംഗുമായുള്ള മുലായത്തിന്റെ മധുവിധുവോടെ അത് പൊട്ടിത്തെറിയുടെ വക്കിലെത്തിയിരിക്കുന്നു. യു.പി പോലീസിനെതിരെ മുസ്‌ലിംകളിൽ നിലനിൽക്കുന്ന വികാരം മായാവതിക്കെതിരായ വോട്ടാക്കിമാറ്റാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് കോൺഗ്രസ്. ഒറ്റക്കു മത്സരിച്ചാൽ കൂടുതൽ സീറ്റു കിട്ടുമെന്ന നേരിയ പ്രതീക്ഷയാണ് മുലായം-കോൺഗ്രസ് തർക്കത്തിന്റെ യഥാർഥ കാരണം. അതിന് കല്യാൺ നിമിത്തമായെന്നേയുള്ളൂ. യു.പിയിൽ കോൺഗ്രസിന് വേരുകളില്ലെന്ന ധൈര്യമാണ് മുലായമിനെ കല്യാൺ ബന്ധത്തിന് പ്രേരിപ്പിച്ചതെന്നതാണ് മറ്റൊരു വസ്തുത.

എൽ.ടി.ടി.ഇ അനുകൂല വികാരം അലയടിക്കുന്ന തമിഴ്നാട്ടിൽ ഡി.എം.കെയുടെ നില പരുങ്ങലിലായതും കോൺഗ്രസിന് തിരിച്ചടിയാകും. മഹാരാഷ്ട്രയിൽ ശരത്പവാറിന്റെ എൻ.സി.പിയെ ആശ്രയിച്ചിരിക്കും കോൺഗ്രസിന്റെ ഭാവി. ആന്ധ്രയിലും സ്ഥിതി ഭിന്നമല്ല. അതേസമയം കർണാടക, കേരളം, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുമെന്ന പ്രതീക്ഷയിലാണ് കോൺഗ്രസ്. ബംഗാളിൽ തൃണമൂൽ കോൺഗ്രസുമായി സഖ്യത്തിനുള്ള സാധ്യത തെളിഞ്ഞതാണ് കോൺഗ്രസിന് അനുകൂലമായ മറ്റൊരു ഘടകം. ഇതിന്റെ മുന്നോടിയായി ഈ മാസം 26ന് ഭിഷ്ണുപൂർ നിയമസഭ മണ്ഡലത്തിലേക്ക് നടക്കുന്ന ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയെ പിൻവലിക്കാൻ കോൺഗ്രസ് തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ 4000 വോട്ടിന് സി.പി.എം സ്ഥാനാർഥി ജയിച്ച മണ്ഡലത്തിൽ തൃണമൂൽ സ്ഥാനാർഥിയെ വിജയിപ്പിക്കുന്നതിനു വേണ്ടിയാണ് കോൺഗ്രസ് സ്ഥാനാർഥിയെ പിൻവലിച്ചത്. നന്ദിഗ്രാം, സിങ്കൂർ സംഭവങ്ങളോടെ മുസ്‌ലിം വോട്ടുകൾ കൂട്ടത്തോടെ തൃണമൂൽ-കോൺഗ്രസ് സഖ്യത്തിന്റെ പെട്ടിയിൽ വീഴാനാണ് സാധ്യത.

അഞ്ചു വർഷത്തെ ഭരണനേട്ടത്തിന്റെ മികവിൽ അധികാരത്തിൽ തിരിച്ചെത്താമെന്നാണ് കോൺഗ്രസ് പ്രതീക്ഷ. മൻമോഹൻ സിംഗിന്റെ ബൈപാസ് ശസ്ത്രക്രിയയോടെ അടുത്ത പ്രധാനമന്ത്രി ആരാകുമെന്ന കാര്യത്തിൽ നേരിയ ആശങ്ക നിലനിൽക്കുന്നുണ്ടെങ്കിലും കോൺഗ്രസ് ഡ്രൈവിംഗ് സീറ്റിലാണ്. യുവ നേതാവായ രാഹുൽ ഗാന്ധിക്ക് മൂപ്പെത്തുന്നതോടെ മൻമോഹൻ കസേര വിട്ടൊഴിഞ്ഞ് വിശ്രമ ജീവിതത്തിന് പോയേക്കാം.

**മുസ്‌ലിം വോട്ടുകൾ ചിതറുന്നത് അന്തിമമായി ഗുണകരമാകുന്നത് ബി.ജെ.പി നേതൃത്വം നൽകുന്ന സംഘ്പരിവാർ ചേരിക്കായിരിക്കും. വിജയ സാധ്യതയുള്ള മതേതര സ്ഥാനാർഥിക്ക് വോട്ടു നൽകുകയെന്ന മിനിമം ധാരണപോലും സമുദായത്തിൽ സംഘടിതമായി രൂപപ്പെട്ടിട്ടില്ല. പ്രമുഖ മുസ്‌ലിം സംഘടനകളെല്ലാം ഒന്നിച്ച് രൂപപ്പെട്ട മുസ്‌ലിം കോർഡിനേഷൻ കമ്മിറ്റിക്ക് അത്തരത്തിലൊരു സ്വാധീന ഗ്രൂപ്പായി മാറാനും കഴിഞ്ഞിട്ടില്ല.**

## വർഗീയത തൊടുത്ത് ബി.ജെ.പി

ഭീകരതക്ക് മതമില്ലെന്ന് വൈകിയാണെങ്കിലും രാജ്യം തിരിച്ചറിഞ്ഞതാണ് ബി.ജെ.പിക്ക് കിട്ടിയ ഏറ്റവും കനത്ത അടി. മുസ്‌ലിം ഭീകരത മുഖ്യ പ്രചാരണ വിഷയമാക്കി യു.പി.എ സർക്കാറിനെ നേരിടാൻ എല്ലാ തയാറെടുപ്പും നടത്തി ഒരുങ്ങിയിരിക്കുമ്പോഴാണ് ഇടിത്തീ പോലെ മാലേഗാവ് അന്വേഷണം വരുന്നത്. ഈ അന്വേഷണം ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് ബി.ജെ.പി നേതൃത്വം ഇനിയും മോചിതരായിട്ടില്ല. വികസന പ്രവർത്തനങ്ങൾക്കുമുന്നിൽ മറ്റൊന്നും വിലപ്പോകില്ലെന്നും ഭരിക്കാനറിയുന്നവൻ ജയിക്കുമെന്നും അഞ്ചു സംസ്ഥാനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പു ഫലങ്ങൾ തെളിയിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ബി.ജെ.പി ദേശീയ നിർവാഹക സമിതി ചേരുന്നത്.

തീവ്രഹിന്ദുത്വ മുദ്രാവാക്യങ്ങളുയർത്തിയാവും ഈ തെരഞ്ഞെടുപ്പിലും പ്രചാരണം നടത്തുകയെന്ന വ്യക്തമായ പ്രഖ്യാപനത്തോടെയാണ് ബി.ജെ.പിയുടെ ത്രിദിന ദേശീയയോഗം ആർ.എസ്.എസ് ആസ്ഥാനമായ നാഗ്പൂരിൽ സമാപിച്ചത്. രാമനെ ബി.ജെ.പി കൈവിടില്ലെന്നും ബാബരി തകർച്ചയുടെ പേരിൽ മാപ്പുപറയില്ലെന്നും പ്രധാനമന്ത്രി സ്ഥാനാർഥി എൽ.കെ അദ്വാനി യോഗത്തിൽ വ്യക്തമാക്കി. അധികാരത്തിലെത്തിയാൽ അയോധ്യയിൽ രാമക്ഷേത്രം നിർമിച്ച് 'ജയ്ശ്രീറാം' വിളിക്കാതെ ബി.ജെ.പി വിശ്രമിക്കില്ല എന്ന് ആവർത്തിച്ച അദ്വാനി ഭരണത്തിലെത്തിയാൽ നൂറു ദിവസത്തിനകം പാർലമെന്റ് ആക്രമണകേസിലെ പ്രതി അഫ്സൽ ഗുരുവിന്റെ വധശിക്ഷ നടപ്പാക്കുമെന്നും പ്രഖ്യാപിച്ചു. കോൺഗ്രസിന്റെ കുടുംബവാഴ്ചയെ തൂത്തെറിയാൻ ആഹ്വാനംചെയ്ത ഗുജ

റാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി നാഗ്പൂർ യോഗത്തിലെ തന്റെ പ്രസംഗത്തിൽ തീവ്രഹിന്ദുത്വ നിലപാടുകൾതന്നെയാണ് വിഷയമാക്കിയത്.

രാജ്യം പൊതുതെരഞ്ഞെടുപ്പിലേക്ക് പോകുന്ന ഘട്ടത്തിൽ രാമക്ഷേത്രവുമായുള്ള പാർട്ടിയുടെ രംഗപ്രവേശം യാദൃഛികമല്ല. രാമക്ഷേത്രം നിർമിക്കുമെന്ന ബി.ജെ.പിയുടെ പ്രഖ്യാപനത്തിൽ ഒട്ടും പുതുമയുമില്ല. അതവരുടെ പ്രഖ്യാപിത നിലപാടാണ്. ക്ഷേത്രം നിർമിക്കില്ലെന്ന് ബി.ജെ.പി പറഞ്ഞാലേ അതിൽ വാർത്തയുള്ളൂ. യഥാർഥത്തിൽ, രാമക്ഷേത്രം ഉയർത്തിക്കാട്ടി വീണ്ടും പടപ്പുറപ്പാട് നടത്താൻ ബി.ജെ.പി നിർബന്ധിതമായത് നിസ്സഹായാവസ്ഥകൊണ്ടാണ്. കോൺഗ്രസിനെ നേരിടാൻ മറ്റു മാർഗങ്ങളില്ലെന്ന തിരിച്ചറിവാണ് ഈ ആവശ്യം പൊടി തട്ടിയെടുക്കാൻ പാർട്ടിയെ പ്രേരിപ്പിച്ചത്. അഞ്ചു വർഷത്തെ ഭരണ നേട്ടവുമായി ജനങ്ങളിലേക്കിറങ്ങാൻ തയാറെടുത്തു നിൽക്കുന്ന കോൺഗ്രസിനെ പ്രതിരോധിക്കാൻ കാര്യമായ ആയുധങ്ങളൊന്നുമില്ലെന്നും പാർട്ടിക്ക് ബോധ്യം വന്നിരിക്കുന്നു. അധികാരത്തിൽ വന്നാൽ കോൺഗ്രസ് നടപ്പാക്കിയ കാർഷിക കടാശ്വാസ പദ്ധതി എല്ലാ കർഷകരിലേക്കും വ്യാപിപ്പിക്കുമെന്ന ബി.ജെ.പിയുടെ പ്രഖ്യാപനം തന്നെ അവരുടെ വിഷയ ദാരിദ്ര്യം വ്യക്തമാക്കുന്നു.

ബി.ജെ.പി പ്രധാനമന്ത്രി സ്ഥാനത്തേക്കുയർത്തിക്കാട്ടുന്ന 81കാരനായ എൽ.കെ അദ്വാനിയെ 10 കോടിയോളം വരുന്ന പുതിയ വോട്ടർമാർ എങ്ങനെ സ്വീകരിക്കുമെന്ന ആശങ്കയും പാർട്ടിക്കുണ്ട്. വർഗീയതയെന്ന കച്ചിത്തുരുമ്പിൽ പിടിമുറുക്കി അധികാരം തിരിച്ചുപിടിക്കാൻ അവസാന പിടച്ചിൽ. അതാണിനി ബി.ജെ.പിയുടെ മുന്നിൽ അവശേഷിക്കുന്ന ഏക മാർഗം.

## ഇടറുന്ന ഇടതുപക്ഷം

നന്ദിഗ്രാം, സിങ്കൂർ, ലാവ്‌ലിൻ... കഴിഞ്ഞ മന്ത്രിസഭയിൽ ഏറ്റവും വലിയ സമ്മർദ ഗ്രൂപ്പായി നിലകൊണ്ട ഇടതുപാർട്ടികളെ അടുത്ത തെരഞ്ഞെടുപ്പിൽ കാത്തിരിക്കുന്ന രാഷ്ട്രീയ സൂനാമികളാണിത്. 42 സീറ്റുമായി മൂന്നാമത്തെ കക്ഷിയായി ലോക്സഭയിൽ വിലസിയ സി.പി.എമ്മിന് ഇനിയൊരിക്കൽ കൂടി ആ സുവർണകാലം തിരിച്ചു വന്നെങ്കിലെന്ന് ആശിക്കാനേ നിവൃത്തിയുള്ളൂ. അടുത്ത അഞ്ചു വർഷക്കാലത്തേക്ക് ഏതായാലും ഈ മോഹം പൂവണിയില്ല. അതിനുള്ള കുഴി അവർ തന്നെ തോണ്ടിയിരിക്കുന്നു. സി.പി.ഐക്കുള്ളത് 10 സീറ്റാണ്. കേരളത്തിലും ബംഗാളിലും നിലവിലുള്ള സീറ്റുകൾ ലഭിക്കില്ലെന്ന് കട്ടായം. സ്വന്തം നില പരുങ്ങലിലായ സ്ഥിതിക്ക് മൂന്നാം ബദലെന്ന പ്രകാശ് കാരാട്ടിന്റെ പ്രതീക്ഷയും മങ്ങുകയാണ്. കോൺഗ്രസിന് ഭരണസാധ്യത വന്നാൽ മൂന്നാം ബദൽ ചേരിയിലുണ്ടാവുമെന്ന് കരുതുന്ന കക്ഷികളിൽ എത്രപേർ യു.പി.എ പാളയത്തിലെത്തുമെന്ന് കാരാട്ടിനോ ബർദാനോ ഒരു പിടിയുമില്ല. ലാവലിനും നന്ദിഗ്രാമും സിങ്കൂരുമൊക്കെ ഇടതു കോട്ടകളിൽ ഏൽപ്പിക്കുന്ന പരിക്കുകൾ എത്ര വലുതായിരിക്കുമെന്ന് വരുംനാളുകളിൽ കാണാനിരിക്കുന്നേയുള്ളൂ.

## ന്യൂനപക്ഷമെന്ന കീറാമുട്ടി

രാജ്യത്തെ പ്രബല ന്യൂനപക്ഷമായ മുസ്‌ലിംകൾ ഈ തെരഞ്ഞെടുപ്പിൽ എന്തു ചെയ്യും? ആരെ തുണക്കും? ചോദ്യം എളുപ്പമാണെങ്കിലും ഉത്തരം സങ്കീർണമാണ്. കാരണം, എന്തുചെയ്യുമെന്നോ ആർക്കു വോട്ടു നൽകണമെന്നോ മഹാഭൂരിപക്ഷം വരുന്ന സമുദായത്തിന് നിശ്ചയമില്ലെന്നതാണ് യാഥാർഥ്യം.

ദൽഹി സ്ഫോടന പരമ്പരക്കു ശേഷം രൂപംകൊണ്ട മുസ്‌ലിം കോർഡിനേഷൻ കമ്മിറ്റിയും അഅ്സംഗഢ് ഉലമാ കൗൺസിലും ചെറിയ തോതിലാണെങ്കിലും രാഷ്ട്രീയ കേന്ദ്രങ്ങളെ അലോസരപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു എന്നത് പ്രതീക്ഷക്ക് വകനൽകുന്നു. ബട്‌ല ഹൗസ് ഏറ്റുമുട്ടൽ അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വൻ റാലികൾക്ക് ഇതിനകം ദൽഹിയുടെ രാജവീഥികൾ സാക്ഷ്യംവഹിച്ചത് പുതിയ ഉണർവുണ്ടാക്കിയിട്ടുണ്ട്. യു.പിയിലെ അഅ്സംഗഢിലും പരിസരങ്ങളിലും സ്ഥാനാർഥികളെ നിർത്തുമെന്ന് ഉലമാ കൗൺസിൽ പ്രഖ്യാപിച്ചുകഴിഞ്ഞു. മുസ്‌ലിം പിന്നാക്കാവസ്ഥക്കു പരിഹാരം രംഗനാഥ മിശ്ര കമീഷൻ ശിപാർശ ചെയ്ത സംവരണമാണെന്നും അതു നടപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള വിവിധ മുസ്‌ലിം സംഘടനകളുടെ സംയുക്ത വേദി നടത്തിയ ദേശീയ സംവരണ സമ്മേളനം, മില്ലി കൗൺസിൽ നടത്തിയ ദേശീയ റാലി തുടങ്ങിയ പ്രതിഷേധ പരിപാടികൾ ദൽഹിയിൽ നടന്നതും ശുഭോദർക്കമാണ്.

ജംഇയ്യത്തു ഉലമാ ഹിന്ദ് ആസാം പ്രസിഡന്റ് ബദറുദ്ദീൻ അജ്മൽ നേതൃത്വം നൽകുന്ന ആസാം യുണൈറ്റഡ് ഡെമോക്രാറ്റിക് ഫ്രണ്ട് (എ.യു.ഡി.എഫ്) ദേശീയ പാർട്ടി രൂപവത്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2005 ഒക്ടോബറിലാണ് എ.യു.ഡി.എഫ് രൂപംകൊള്ളുന്നത്. പാർട്ടി രൂപവത്കരിച്ചതിന് തൊട്ടുടനെ നടന്ന ആസാം നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെയും ബി.ജെ.പിയെയും നേരിട്ട പാർട്ടി 10 സീറ്റുകൾ നേടി രാഷ്ട്രീയ കേന്ദ്രങ്ങളെ ഞെട്ടിച്ചിരുന്നു. ലോക്സഭ തെരഞ്ഞെടുപ്പിൽ സി.പി.എം, സി.പി.ഐ, എൻ.സി.പി എന്നീ പാർട്ടികളുടെ പിന്തുണയോടെ സംസ്ഥാനത്തെ പതിനാലു സീറ്റിലേക്കും മൽസരിക്കാൻ പാർട്ടി തീരുമാനിച്ചിട്ടുണ്ട്. അഞ്ചു സീറ്റുകളിലെങ്കിലും വിജയിക്കുമെന്നാണ് അവർ കണക്കു കൂട്ടുന്നത്. യു.പി, ബീഹാർ, ബംഗാൾ, ജാർഖണ്ഡ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലും സ്ഥാനാർഥികളെ നിർത്തുമെന്ന് ബദറുദ്ദീൻ അജ്മൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ തീരുമാനത്തിനു പിന്തുണയുമായി തമിഴ്നാട് മുസ്‌ലിം മുന്നേറ്റ കഴകം (ടി.എം.എം.കെ) നേതാവ് ജവാഹിറുല്ലയും ബംഗാളിലെ മില്ലി ഇത്തിഹാദ് പരിഷത്ത് നേതാവ് സിദ്ദീഖുല്ല ചൗധരിയും രംഗത്തു വന്നു കഴിഞ്ഞു. അവകാശവാദമെന്തായാലും ലോക്സഭാ തെരഞ്ഞെടുപ്പിൽ ആസാമിലെ ചില സീറ്റുകളിലെങ്കിലും എ.യു.ഡി.എഫ് നിർണായക ശക്തിയാകുമെന്ന കാര്യത്തിൽ തർക്കമില്ല. ടി.എം.എം.കെ നേതാവ് ജവാഹിറുല്ല സ്വന്തം നിലക്ക് രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചതും ഈ രീതിയിലുള്ള മറ്റൊരു ചുവടുവെപ്പാണ്. മനിതനേയ മക്കൾ കച്ചി എന്നപേരിൽ രൂപംകൊണ്ട പാർട്ടി തമിഴ്നാട്ടിൽ ചിലയിടങ്ങളിലെങ്കിലും മുഖ്യ രാഷ്ട്രീയ പാർട്ടികൾക്ക് തലവേദനയാകുമെന്നാണ് കരുതുന്നത്.

അതേസമയം രാജ്യത്തിന്റെ വിവിധ മൂലകളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്ന കാഴ്ചപ്പാടും പ്രബലമാണ്. മുസ്‌ലിം വോട്ടുകൾ ചിതറുന്നത് അന്തിമമായി ഗുണകരമാകുന്നത് ബി.ജെ.പി നേതൃത്വം നൽകുന്ന സംഘ്പരിവാർ ചേരിക്കായിരിക്കും. വിജയ സാധ്യതയുള്ള മതേതര സ്ഥാനാർഥിക്ക് വോട്ടു നൽകുകയെന്ന മിനിമം ധാരണപോലും സമുദായത്തിൽ സംഘടിതമായി രൂപപ്പെട്ടിട്ടില്ല. പ്രമുഖ മുസ്‌ലിം സംഘടനകളെല്ലാം ചേർന്ന് രൂപവത്കരിച്ച മുസ്‌ലിം കോർഡിനേഷൻ കമ്മിറ്റിക്ക് അത്തരത്തിലൊരു സ്വാധീന ഗ്രൂപ്പായി മാറാനും കഴിഞ്ഞിട്ടില്ല. ■